**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** | **09-06-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട്-അപ്-ഡ്രീംസ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് ആരംഭിച്ചിട്ടുള്ള സ്റ്റാർട്ട്-അപ്-ഡ്രീംസ് എന്ന പ്രോജക്ട് പ്രകാരം സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇവ ലഭിക്കുന്നത്; വിശദമാക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളുടെ സംരംഭകത്വ വികസനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ താഴെപറയുന്നവയാണ്. 1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും. 2. പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ. 3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭകർക്ക് പലിശരഹിത സീഡ് ഫണ്ട്. 4. ഉല്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം. സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലൂടെ ലഭ്യമാകുന്ന മേൽപറഞ്ഞവ കൂടാതെ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്ന എല്ലാ സഹായങ്ങളും ലഭ്യമാണ്. |
| (ബി) | ഈ പദ്ധതി സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | പദ്ധതി സോഷ്യൽ ഓഡിറ്റിംഗിന് വിധേയമായിട്ടില്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇന്റേണൽ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകളിൽ ഈ പദ്ധതിയും ഉൾപ്പെടും. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വനിതാസംരംഭകർക്ക് പ്രത്യേക ആനുകൂല്യം അനുവദിക്കുമോ; വിശദീകരിക്കുമോ? | (സി) | സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിൽ വനിതാ സംരംഭകർക്കായി പ്രത്യേക ആനുകൂല്യം നിലവിലില്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ പൊതുവായ പദ്ധതിയിൽ വനിതാ സംരംഭകർക്കായി നൽകി വരുന്ന സഹായങ്ങൾ പ്രസ്തുത പദ്ധതിയിലുള്ള വനിതാ സംരംഭകർക്കും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ